بســم الله الرحمن الرحيم
نحمده ونصلى على رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
14.10.2005
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# മോങ്കിലെ ശഹാദത്തും പാക്കിസ്ഥാനിലെ ഭൂകമ്പവും

وَلَا تَقُولُوا لِمَنْ يُقْتَلُ فِي سَبِيلِ اللَّهِ أَمْوَاتٌ بَلْ
أَحْيَاءٌ وَلَٰكِنْ لَا تَشْعُرُونَ
وَلَنَبْلُوَنَّكُمْ بِشَيْءٍ مِنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِنَ
الْأَمْوَالِ وَالْأَنْفُسِ وَالثَّمَرَاتِ ۗ وَبَشِّرِ الصَّابِرِينَ
الَّذِينَ إِذَا أَصَابَتْهُمْ مُصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا
إِلَيْهِ رَاجِعُونَ

**ഓ**രോ അഹ്മദിയുടേയും മനസ്സിൽ ദുഃഖത്തിന്റേയും വേദനയുടേയും തിരമാല അടിച്ചുയർത്തുന്ന രണ്ട് സംഭവങ്ങൾ കഴിഞ്ഞദിവസങ്ങളിലുണ്ടായി. വിവിധ സ്ഥലങ്ങളിൽനിന്ന് വന്ന കത്തുകളിൽ അത് പ്രതിഫലിക്കുകയും ചെയ്തു. പ്രത്യേകിച്ച്, പാക്കിസ്ഥാനിലെ അഹ്മദികൾക്ക് ഈ രണ്ട് ആഘാതങ്ങളും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായിരുന്നു. ഓരോ മനസ്സും അസ്വസ്ഥമായി. ഒരു സംഭവം ഉണ്ടായത് കഴിഞ്ഞ ജുമുഅ ദിവസമായിരുന്നു. ഖുത്ബയുടെ അവസാനം ഞാനതിനെക്കുറിച്ച് പറയുകയും ചെയ്തിരുന്നു. രണ്ടാമത്തെ സംഭവം പിറ്റേന്ന് രാവിലെ ഉണ്ടായ ഭയാനകമായ ഒരു ഭുകമ്പമായിരുന്നു. അത് വടക്കൻ പാക്കിസ്ഥാനിലും കാശ്മീരിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും ഭയാനകമായ നാശം വിതച്ചു. ആദ്യത്തെ സംഭവവുമായിട്ടുള്ള ബന്ധം നോക്കുമ്പോൾ, ദൈവികജമാഅത്തിനുമേൽ ഇങ്ങനെയുള്ള പരീക്ഷണം ഉണ്ടാകുന്നതാണെന്ന് നമുക്കറിയാം. എല്ലാ നബിമാരുടെമേലും ബലപ്രയോഗങ്ങളും അക്രമങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അവർ അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുകയാണ് ചെയ്തത്. ഒരിക്കലും ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടില്ല. ജമാഅത്തിലെ വ്യക്തികളുടെ മേലോ ജമാഅത്തിന്റെമേലോ ഇത്തരം ഘട്ടങ്ങൾ ഉണ്ടായപ്പോഴെല്ലാം, ജമാഅത്തിലെ അംഗങ്ങൾ ക്ഷമയോടും ധൈര്യത്തോടുംകൂടി എല്ലാം സഹിച്ചു എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ നൂറുവർഷത്തിലധികമായ ചരിത്രം സാക്ഷിയാണ്. ഒരിക്കലും നിയമം അവർ തങ്ങളുടെ കൈയിലെടുത്തില്ല. ഈ ക്ഷമയുടെ ഫലം തന്നെയാണ്, ഇത്തരം ഓരോ സംഭവത്തിനുശേഷവും അല്ലാഹുതആല ജമാഅത്തിനെ ആദ്യത്തെക്കാൾ കൂടുതൽ അനുഗ്രഹിക്കുന്നതും അനുഗ്രഹിച്ചുകൊണ്ടേയിരിക്കുന്നതും. ഇൻശാഅല്ലാഹ്. അതുകൊണ്ട് ഇന്നും ജമാഅത്തംഗങ്ങൾ, പ്രത്യേകിച്ച് ആരുടെ കുട്ടികളും സഹോദരനും ഭർത്താവുമാണോ ശഹീദായത് അവർ അല്ലെങ്കിൽ ആരുടെ ബന്ധുക്കൾക്കാണോ പരിക്കേറ്റത് അവർ എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട് ക്ഷമയോടുകൂടി അവന്റെ കരുണയും അനുഗ്രഹവും ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. ശഹീദായ ഈ വ്യക്തികൾ അല്ലാഹുവിന്റെ പക്കൽ അനശ്വരമായ ജീവിതം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിന്റെ ഭാഗമായികഴിഞ്ഞിരിക്കുന്നു. ഇവരെ വരും തലമുറ എന്നെന്നും സ്മരിക്കുന്നതാണ്. ഞാനോതിയ വചനങ്ങളിൽ ഈ വിഷയം തന്നെയാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെടുന്നവരെ സംബന്ധിച്ച് മരിച്ചവർ എന്ന് നിങ്ങൾ പറയരുത്. അവർ മരിച്ചവരല്ല. എന്നാൽ, നിങ്ങളത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം. അല്ലാഹുവിന്റെ പക്കൽ എത്ര വലിയ ബഹുമതിയാണ് അവർക്കുള്ളത്. അവർ അനശ്വരമായ ജീവിതം പ്രാപിക്കുന്നവരാണ്. അതുകൊണ്ടുതന്നെ മോങ്കിലെ ഈ എട്ട് ശഹീദുമാരും, അല്ലാഹുവിന്റെ സ്നേഹദൃഷ്ടി കരസ്ഥമാക്കുന്നവരാണ്.

അല്ലാഹുവിന്റെ ഭവനത്തിൽ അവനെ ആരാധിക്കുന്നതിൽ മുഴുകിയിരിക്കവെയാണ് ഇവരുടെ ചോര ഒഴുക്കപ്പെട്ടത്. അക്രമപരമായ നിലയിൽ അവർ വെടിയുണ്ടക്ക് കുറിമാനമായത്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ടിരിക്കുമ്പോഴാണ്. ഈ ശുഹ്ദാഅ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ അനശ്വരമായ ജീവിതം പ്രാപിക്കുന്നവർ തന്നെയാണ്. അതിനാൽ ഓരോ അഹ്മദിയും, ആരാണോ അല്ലാഹുവിന്റെ വഴിയിൽ തങ്ങളുടെ ജീവൻ കാണിക്കവയ്ക്കുകയും, ശഹാദത്തിന്റെ സ്ഥാനം പ്രാപിക്കുകയും ചെയ്തത് അവരുടെ സഹോദരങ്ങളും ബന്ധുക്കളും മനസ്സിലാക്കേണ്ടത് അവർ ഇങ്ങനെ അല്ലാഹുവിനുവേണ്ടി ത്യാഗംവരിച്ച് തങ്ങളുടെ അനശ്വരമായ ജീവിതം സൃഷ്ടിച്ചു എന്നാണ്. എങ്കിലും അവരുടെ മക്കൾക്കും അടുത്തബന്ധുക്കൾക്കും ഉണ്ടായിട്ടുള്ള വേദന വളരെ കഠിനതരമാണ്. പക്ഷേ, അല്ലാഹുവിൽനിന്ന് സുവിശേഷം ലഭിച്ചിട്ടുള്ളതുകൊണ്ട് നാം ധൈര്യത്തോടും ക്ഷമയോടുംകൂടി ഇത് സഹിക്കുകയും ഈ പരീക്ഷണത്തെ പൂർണ്ണമായും നേരിടുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, അല്ലാഹുതആല ഒരിക്കലും ജമാഅത്തിന്റെ ത്യാഗങ്ങൾ പാഴാക്കിക്കളഞ്ഞിട്ടില്ല. ഈ ത്യാഗങ്ങളും ഇൻശാ അല്ലാഹ് അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല. പക്ഷേ, നാം ക്ഷമയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. നമ്മൾ ക്ഷമിക്കുമ്പോഴാണ് നമുക്കറിയിച്ചിട്ടുള്ള സുവിശേഷം

പുലരുന്നത്. അല്ലാഹു നമുക്കെല്ലാം ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. '***അല്ലദീന ഇദാ അസാബത്ത്ഹും മുസീബത്തുൻ ഖാലൂ ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ***' അതായത് തങ്ങൾക്ക് വല്ല ആപത്തും വരുമ്പോൾ അവർ പരിഭ്രമിക്കുകയില്ല. അവർ പറയും: നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവനിലേക്കുതന്നെ മടങ്ങുന്നവരുമാകുന്നു.(*2:157*) അല്ലാഹു പറഞ്ഞ ഇക്കൂട്ടരിൽ ഉൾപ്പെടാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

ഇങ്ങനെ ചിന്തിച്ചുനോക്കുമ്പോൾ അല്ലാഹുതആലായുടെ മാർഗ്ഗത്തിൽ ത്യാഗം വരിക്കുന്നവരുടെ ദർജകൾ അല്ലാഹു വർദ്ധിപ്പിക്കുന്നുണ്ടാകും എന്നതിൽ സംശയമില്ല. പിന്നീട് ജീവിച്ചിരിക്കുന്നവർക്കും ഈ പരീക്ഷണം അല്ലാഹു എളുപ്പമാക്കിത്തരുന്നതാണ്. ഈ പരീക്ഷണം എളുപ്പമാക്കുമെന്ന് മാത്രമല്ല, മറിച്ച് മനുഷ്യൻ ചിന്തിക്കാത്ത രീതിയിലുള്ള അനുഗ്രഹവും അവൻ നല്കുന്നതുമാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഒരു സത്യവിശ്വാസിക്ക് എന്തെങ്കിലും ദുഃഖമോ, വിഷമമോ ഞെരുക്കമോ നഷ്ടമോ ഉണ്ടാകുമ്പോൾ അവൻ ക്ഷമിച്ചാൽ, അവന്റെ ഈ കർമ്മരീതി അവന് നന്മയ്ക്കും അനുഗ്രഹത്തിനും കാരണമായിത്തീരുന്നു. കാരണം അവൻ ക്ഷമ കൈക്കൊണ്ട് പ്രതിഫലം കരസ്ഥമാക്കുന്നു. അല്ലാഹുതആല ശഹീദായവരുടെ എല്ലാ ബന്ധുക്കൾക്കും ഈ ആഘാതം സഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അതിരറ്റ അനുഗ്രഹം നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഈ പാഠം എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. അവിടന്ന് പറയുന്നു: "അല്ലാഹു ഓരോ ചുവടിലും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. നിങ്ങളെ അതിജയിക്കാൻ ആർക്കും സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹം ക്ഷമയോടെ പ്രതീക്ഷിച്ചിരിക്കുക. ചീത്തവിളിക്കുന്നതു കേട്ട് മൗനംപാലിക്കുക. അടികൊള്ളുക ക്ഷമിക്കുക. ദൈവികസവിധത്തിൽ നിങ്ങളുടെ സ്വീകാര്യത എഴുതപ്പെടുന്നതിനായി കഴിയുന്നത്ര തിന്മയോട് മത്സരിക്കുന്നതിൽനിന്ന് പിന്മാറുക. തീർച്ചയായും ഓർമ്മിച്ചുകൊള്ളുക. ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത്, ദൈവഭയത്താൽ ആരുടെ മനസ്സാണോ ഉരുകുന്നത്, അവരോടൊപ്പമാണ് അല്ലാഹു ഉള്ളത്."

നമ്മുടെ ജോലി ക്ഷമയോടൊപ്പം ദുആ ചെയ്തുകൊണ്ടേയിരിക്കുക എന്നതാണ്. അല്ലാഹുവിനോടുള്ള ഭയമായിരിക്കണം നമ്മുടെ മറ്റുള്ള എല്ലാ ഭയത്തേയും അതിജയിച്ചു നില്ക്കുന്നത്. അവന്റെ തൃപ്തി കരസ്ഥമാക്കുക എന്നതായിരിക്കണം നമ്മുടെ ജീവിത ലക്ഷ്യം. ചിലയാളുകൾ എടുത്തുചാടി എതിരാളികളോടു കുത്തിപ്പറഞ്ഞ് പരിഹസിച്ച് സംസാരിക്കാറുണ്ട്. ഇത് ഒരഹ്മദിക്കു ചേർന്നതല്ല. നമ്മൾ മറ്റുള്ളവരിൽനിന്ന് ഒരു വ്യത്യാസം നിലനിറുത്തിപോരുന്നുണ്ട്. അത് നിലനിറുത്തുകതന്നെ വേണം. ഇൻശാഅല്ലാഹ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യഹൃദയത്തോടെ നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾക്കുവേണ്ടി മരിക്കാൻ തയ്യാറാവുകയും നിങ്ങളുടെ ഇംഗിതമനുസരിച്ച് നിങ്ങളെ അനുസരിക്കുകയും സർവ്വവും ഉപേക്ഷിക്കുകയും ചെയ്യുന്ന ഒരാളെ നിങ്ങൾ സ്നേഹിക്കുകയില്ലേ? നിങ്ങൾ അയാളെ ഏറ്റവും അടുത്ത സഹോദരനായി മനസ്സിലാക്കുകയില്ലേ? മനുഷ്യരായ നിങ്ങൾ സ്നേഹത്തിനുപകരം സ്നേഹിക്കുമ്പോൾ, പിന്നെ എന്തുകൊണ്ട് അല്ലാഹു സ്നേഹിക്കുകയില്ല. തന്റെ യഥാർത്ഥ കൂട്ടുകാരനാരാണെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. നന്ദികെട്ടവനും ദുനിയാവിനെ മുന്തിക്കുന്നവനും ആരാണെന്നും അവനറിയാം. നിങ്ങൾ ആത്മാർത്ഥതയുള്ളവരായി മാറുകയാണെങ്കിൽ, നിങ്ങളും അന്യരും തമ്മിൽ ഒരു വ്യത്യാസം അല്ലാഹു സ്ഥാപിച്ചുകാണിക്കുന്നതാണ്."

വീണ്ടും അവിടന്ന് പറഞ്ഞു: "അല്ലാഹു നിങ്ങളെ നഷ്ടപെടുത്തിക്കളയുമെന്ന് നിങ്ങൾ ചിന്തിക്കണ്ട. നിങ്ങൾ അല്ലാഹുവിന്റെ കൈയാൽ ഭൂമിയിൽ വിതയ്ക്കപ്പെട്ട ഒരു വിത്താണ്. അല്ലാഹു പറയുന്നു. ഈ വിത്ത് വളരും പുഷ്പിക്കും എല്ലാ ഭാഗത്തേക്കും അതിന്റെ ശാഖകൾ വ്യാപിക്കും, അതൊരു വൻമരമായിത്തീരും. അല്ലാഹു പറഞ്ഞ ഈ കാര്യത്തിൽ വിശ്വസിക്കുകയും ഇടയ്ക്കുവരുന്ന പരീക്ഷണങ്ങളിൽ ഭയക്കാതിരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാണ്. കാരണം, അല്ലാഹു നിങ്ങളെ പരീക്ഷിക്കുന്നതിന് അത് വരേണ്ടതും നിർബന്ധമാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മരം വളർന്നുകൊണ്ടേയിരിക്കുന്നു. ചെറിയ ചെറിയ ഈ സംഭവങ്ങൾ കൂടുതൽ അഭിവൃദ്ധി ഉണ്ടാകുന്നതിനു വേണ്ടിയിട്ടുള്ളതാണ്. നമ്മുടെ ജോലി, അല്ലാഹു നമ്മോടൊപ്പം ഉണ്ടെന്ന വിശ്വാസത്തിൽ നിലകൊള്ളുക എന്നതു മാത്രമായിരിക്കണം. എല്ലാ ശഹീദുമാരുടെ സന്താനങ്ങളേയും അല്ലാഹു എപ്പോഴും അനുഗ്രഹിച്ചിട്ടുണ്ട്. ഇതിനിടയിൽ വേറൊരു കാര്യം കൂടി ഞാൻ പറയട്ടെ. റമസാൻ ആരംഭിക്കുന്നതിന് കുറച്ചുദിവസം മുമ്പേ, ഒന്നോ ഒന്നരയോ മാസം മുമ്പേ കോയിട്ട എന്ന സ്ഥലത്തും ഒരു ശഹാദത്തുണ്ടായി. ഇങ്ങനെ ഇടയ്ക്കിടെ ഒന്നും ഒറ്റയും സംഭവങ്ങൾ അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവരുടെ മക്കളേയും എല്ലാവരും ദുആയിൽ ഓർക്കണം. ശഹീദുമാരേയും അവരുടെ സന്താനങ്ങളേയും ദുആയിൽ ഓർക്കുക എന്നത് എല്ലാ അഹ്മദികളുടേയും കടമയാണ്. അല്ലാഹു എല്ലാവർക്കും ക്ഷമയും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ. വരും കാലങ്ങളിൽ എല്ലാ ശർറുകളിൽനിന്നും ജമാഅത്തിനെ സംരക്ഷിക്കുമാറാകട്ടെ.

കഴിഞ്ഞദിവസം പാക്കിസ്ഥാനിലുണ്ടായ ഭൂകമ്പത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയാനാണ് ഞാൻ ഇനി ആഗ്രഹിക്കുന്നത്. ഈ ഭൂകമ്പം വടക്കൻപാക്കിസ്ഥാനിലെ ചില ഭാഗങ്ങളിലും കശ്മീരിലും ഒരുപാട് നാശം

വിതച്ചു എന്നു ഞാൻ പറയുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിലെ ഓരോ അംഗവും മനുഷ്യൻ എന്ന നിലയിലും മുസ്ലിം എന്ന നിലയിലും ഈ ദൈവികവിപത്തിൽ ദുഃഖിക്കുകയും വിഷമിക്കുകയും ചെയ്യുന്നു. പാക്കിസ്ഥാനി അഹ്മദികളായ നാം, നമ്മുടെ സഹോദരങ്ങളുടെ ദുഃഖവും ബുദ്ധിമുട്ടും കണ്ട് അങ്ങേയറ്റം ദുഃഖത്തിലും മനോവിഷമത്തിലുമാണ്. അല്ലാഹുതആല നമ്മുടെ നാട്ടുകാരുടെ വിഷമങ്ങൾ കുറയ്ക്കുകയും അവരെ വിപത്തുകളിൽനിന്ന് രക്ഷിക്കുകയും ചെയ്യട്ടെ എന്ന് നാം ദുആ ചെയ്യുന്നു. ഞാൻ പാക്കിസ്ഥാൻ പ്രസിഡന്റിനും പാക്കിസ്ഥാൻ പ്രധാനമന്ത്രിക്കും, സ്വതന്ത്ര കശ്മീർ പ്രസിഡന്റിനും, പ്രധാനമന്ത്രിക്കും ദുഃഖം രേഖപ്പെടുത്തി കത്തെഴുതിയിരുന്നു. അഹ്മദിയ്യാ ജമാഅത്ത് എന്നെത്തേയും പോലെ ഇപ്പോഴും കഴിയുന്നത്ര സഹായിക്കുമെന്ന് അതിൽ ഉറപ്പുകൊടുത്തിട്ടുണ്ട്.

ഈ ദുർഘട ഘട്ടത്തിൽ പ്രവർത്തനംകൊണ്ടും ദുആകൊണ്ടും ഓരോ പാക്കിസ്ഥാനി അഹ്മദിയും തങ്ങളുടെ സഹോദരങ്ങളെ സഹായിക്കണം എന്നു തന്നെയാണ് ദേശത്തോടുള്ള സ്നേഹം നമ്മളിൽനിന്ന് ആഗ്രഹിക്കുന്നത്. സ്വന്തം ബുദ്ധിമുട്ടുകൾ മറക്കുകയും മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധിക്കുകയും ചെയ്യുക. പാക്കിസ്ഥാൻ നിലവിൽവന്ന ആദ്യദിവസം മുതൽ തന്നെ അഹ്മദിയ്യാ ജമാഅത്ത് എന്നെന്നും പാക്കിസ്ഥാന്റേയും മുസ്ലിംകളുടേയും അവകാശ സംരക്ഷണത്തിന്നായി ത്യാഗങ്ങൾ വരിച്ചുവന്നിട്ടുണ്ട്. അതുകൊണ്ട്, ഏതെങ്കിലും മുസ്ലിം സഹോദരൻ ബുദ്ധിമുട്ടുകയോ അല്ലെങ്കിൽ നാട്ടിൽ എന്തെങ്കിലും ദുരിതങ്ങളുണ്ടാകുകയോ ചെയ്യുമ്പോൾ പാക്കിസ്ഥാൻ നഗരവാസിയായ ഒരഹ്മദി ദൂരെനിന്ന് അത് കണ്ടുകൊണ്ടിരിക്കുകയും അതകറ്റാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുമെന്ന് ആർക്കും ചിന്തിക്കാനെ സാധ്യമല്ല. അഹ്മദിയ്യാ ജമാഅത്ത് ഈ രാജ്യത്തിന്റെ രൂപീകരണത്തിലും പങ്കെടുത്തിട്ടുണ്ട്. ഇതിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കും വേണ്ടി ഇനി പങ്കെടുത്തുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. കാരണം ദേശത്തോടുള്ള സ്നേഹം ഈമാന്റെ ഭാഗമാണെന്ന് ഏറ്റവും കൂടുതൽ ഇന്ന് മനസ്സിലാക്കിയിട്ടുള്ളവർ നമ്മളാണ്. ദേശത്തോടുള്ള സ്നേഹം എന്താണെന്ന് അഹ്മദികൾക്കേ അറിയൂ. നമ്മുടെ ദേശത്തേയും, രാജ്യത്തേയും ഒരുവിധ കലർപ്പുമില്ലാതെ സ്നേഹിക്കുന്നു എന്നതിന്റെ പ്രായോഗികമായ ചിത്രമാണ് ഏത് രാജ്യത്ത് വസിക്കുന്ന അഹ്മദിയും. ഇനി പാക്കിസ്ഥാനി അഹ്മദി രാജ്യത്തോട് ആത്മാർത്ഥതയില്ലാത്തവനാണ് എന്നാരെങ്കിലും കരുതുന്നുവെങ്കിൽ, അതയാളുടെ അറിവില്ലായ്മയാണ്.

ഭൂകമ്പം ഉണ്ടായതു മുതൽ അഹ്മദികളും പാക്കിസ്ഥാനിലെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തുകളും കഴിവിന്നനുസരിച്ച് ദുരിതബാധിതരെ സഹായിക്കാൻ ശ്രമിച്ചുവരുന്നു. പക്ഷേ, എന്നാലും ഞാൻ ഓരോ പാക്കിസ്ഥാനി അഹ്മദിയോടും ഭവനരഹിതരായി, തുറന്ന ആകാശത്തിൻകീഴിൽ കിടക്കുന്ന ഈ ലക്ഷക്കണക്കിന്നാളുകളെ സഹായിക്കാൻ അഭ്യർത്ഥിക്കുകയാണ്. വിദേശത്ത് വസിക്കുന്ന പാക്കിസ്ഥാനി അഹ്മദികളും ഇവരുടെ പുനരധിവാസത്തിനുവേണ്ടി പാക്കിസ്ഥാൻ സർക്കാരിനെ സഹായിക്കേണ്ടതാണ്. അവിടത്തെ എംബസികൾ എവിടെയെല്ലാം ഫണ്ട് ശേഖരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ടോ, അല്ലെങ്കിൽ ഹ്യൂമാനിറ്റി ഫസ്റ്റ് ഏർപ്പാട് ചെയ്തിട്ടുണ്ടോ അവിടെ പോയി സഹായം കൊടുക്കാവുന്നതാണ്. നമ്മുടെ ഉത്തരവാദിത്തങ്ങൾ പല രീതിയിലാണുണ്ടാകുന്നത്. മനുഷ്യനെന്ന നിലയിൽ, ഞാൻ പറഞ്ഞതുപോലെ ഒരഹ്മദിയ്ക്കാണ് മനുഷ്യത്വത്തെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നത്. മനുഷ്യഭാവത്തിന്റെ ഏറ്റവും വലിയ ഉപകാരിയെ സ്നേഹിക്കുന്നവരാണെന്നുള്ളതാണ് നമ്മുടെ വാദം. അതുകൊണ്ട് ഇന്നത്തെ ദുഃഖിതയായ മനുഷ്യത്വം നമ്മെ വിളിക്കുന്നുവെങ്കിൽ, അതിനെ സഹായിക്കാൻ നാം മുൻപന്തിയിൽ വരേണ്ടതാണ്. ഞാൻ പാക്കിസ്ഥാനിയായതുകൊണ്ട് പാക്കിസ്ഥാനെ സഹായിക്കുക എന്നല്ല പറയുന്നത്. ഇന്തോനേഷ്യയിൽ ഭൂകമ്പമുണ്ടായി. നാം അവിടെ സഹായമെത്തിച്ചു. ഇറാനിലും ജമാപ്പാനിലും മറ്റു സ്ഥലങ്ങളിലുമെല്ലാം നാം സഹായമെത്തിച്ചിട്ടുണ്ട്. പക്ഷേ, ഇവിടെ ഇരിക്കുന്നവരിൽ അധികവും പാക്കിസ്ഥാനികളാണ്. അതുകൊണ്ട്, അവർ എന്തായാലും അവരുടെ നാട്ടിനെ സഹായിക്കുകതന്നെ വേണം. അക്കൂട്ടർ നമ്മളെക്കുറിച്ച് എന്ത് കരുതുന്നു എന്നു നോക്കണ്ട, നമ്മളെന്തായാലും മുസ്ലിംകൾ തന്നെയാണ്, അവരും നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണ്, അതുകൊണ്ട് മുസ്ലിം എന്ന നിലയിൽ നാം അവരെ സഹായിക്കേണ്ടതാണ്. പൊതുജനങ്ങളിലധികവും അറിവില്ലാത്ത കാരണത്താൽ, തങ്ങളുടെ ചില ആലിംകളുടെ പിന്നാലെ കൂടി നമുക്കെതിരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇവർ നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണ്. അല്ലെങ്കിൽ കുറഞ്ഞപക്ഷം അങ്ങനെ വാദിക്കുന്നവരാണ്. അതുകൊണ്ട് അവർ ഇന്ന് കഷ്ടപ്പാടിലാണെങ്കിൽ നമ്മുടെ കഷ്ടപ്പാടുകൾ മറന്നുകൊണ്ട് അവരെ സഹായിക്കേണ്ടതാണ്. പാക്കിസ്ഥാനി അഹ്മദി, പാക്കിസ്ഥാനിപൗരൻ എന്ന നിലയിലും ഈ ദൈവികവിപത്തുകൊണ്ട് രാജ്യത്തുണ്ടായിരിക്കുന്ന നാശം അകറ്റി അതിനെ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരുന്നതിന് രാജ്യത്തെ സഹായിക്കാൻ ബാധ്യസ്ഥരാണ്.

ദൈവികവിപത്തുണ്ടാകുമ്പോൾ, ചെറിയവർ, വലിയവർ, കുട്ടികൾ, വൃദ്ധർ, ദരിദ്രർ, സമ്പന്നർ തുടങ്ങി വകഭേദമില്ലാതെ എല്ലാവരേയും അത് അതിന്റെ പിടിയിലൊതുക്കുന്നു. നോക്കുക, വാർത്തകൾ പറയുന്ന്

അതല്ലേ? ചില നഗരങ്ങളിൽ സർക്കാർ ഓഫീസർമാരും, പാർലമെന്റംഗങ്ങളും, രാഷ്ട്രീയനേതാക്കന്മാരും സ്കൂൾ കുട്ടികളും സ്ത്രീകളും വൃദ്ധരും തുടങ്ങി എല്ലാവരും ഈ ഭൂകമ്പത്തിൽ വീടുകൾ നിലംപതിച്ച കാരണത്താൽ മരണത്തിന്നിരയായി. ഇത് വൻവിപത്തായിരുന്നു. നഗരങ്ങൾ ശൂന്യമായി. ഗ്രാമങ്ങൾ നശിച്ചൊടുങ്ങി. ചിലത് അപ്പാടെ ഇല്ലാതായിപ്പോയി. സഹായമെത്തിക്കുന്ന സംഘക്കാർക്ക് ചില സ്ഥലങ്ങളിൽ ഇതുവരെ എത്താൻ കഴിഞ്ഞിട്ടില്ല. നിത്യേന വരുന്ന വാർത്തകൾ ഭയാനകമായ രംഗങ്ങളാണ് വിവരിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ജമാഅത്തുകൾ അവരുടെ കഴിവിന്നനുസരിച്ച് സഹായമെത്തിച്ചുകൊണ്ടിരിക്കുന്നു. ചില സ്ഥലങ്ങളിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തകരാണ് ഏറ്റവും ആദ്യം എത്തിയത്. സർക്കാർ ടീമോ, സൈനികരോ മറ്റേതെങ്കിലും സംഘടനയുടെ പ്രവർത്തകരോ അപ്പോൾ എത്തിയിരുന്നില്ല. പരസ്യങ്ങളൊന്നുമില്ലാതെ ബഹളങ്ങളൊന്നുമില്ലാതെ ജമാഅത്ത് പ്രവർത്തകർ അവിടെ എത്തുകയും നിശബ്ദരായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു. സൃഷ്ടിസേവനം മാത്രമാണ് ഉദ്ദേശ്യം. ആരവങ്ങളില്ലാതെയുള്ള പ്രവർത്തനം ആയതുകൊണ്ട് അധികമാളുകൾക്കും ഇതറിയുകയുമില്ല. എന്നാൽ, ചില അഹ്മദികൾ ഇങ്ങനെ വേണം അങ്ങനെ വേണം എന്ന് അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ട് സ്ഥിരമായി ഫാക്സുകൾ അയച്ചുകൊണ്ടിരിക്കുന്നു. അഹ്മദികൾ നിശബ്ദരാണ്, അവർ ദയ കാണിക്കുന്നില്ല, സഹായിക്കുന്നില്ല എന്നാണ് ചില അന്യരും മനസ്സിലാക്കുന്നത്. അതുകൊണ്ട് സംഭവങ്ങൾ ഉണ്ടായ ഉടനെ തുടങ്ങിയ ചില പ്രവർത്തനങ്ങളെക്കുറിച്ച് വളരെ ചുരുക്കി ഞാൻ പറയാം.

നമ്മൾ അല്ലാഹുവിനുവേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് ഒന്നാമതായി ഓർക്കുക. നമുക്ക് ഒരു പേരും പെരുമയും വേണ്ട. ആരിൽനിന്നും നാം പ്രതിഫലം ആഗ്രഹിക്കുന്നുമില്ല. ദുഃഖിതരായ ജനങ്ങളെ സഹായിക്കുക എന്നതുമാത്രമാണ് നമ്മുടെ ലക്ഷ്യം. എങ്കിലും ചിലയാളുകളുടെ തൃപ്തിക്കായി ചുരുക്കി ചില കാര്യങ്ങൾ പറയാം. ചില സ്ഥലങ്ങളിൽ ആദ്യമെത്തിയത് നമ്മുടെ ടീമാണെന്ന് ഞാൻ പറഞ്ഞുവല്ലോ. എന്താണോ തങ്ങളെക്കൊണ്ട് ചെയ്യാൻ കഴിഞ്ഞത് അതവർ ചെയ്തു. പിന്നീട് ആപത്തിനുമേൽ ആപത്ത് എന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. അതായത് ഭൂകമ്പത്തിനുശേഷം കനത്ത മഴ, കൂടാതെ ആലിപ്പഴം വീഴാനും തുടങ്ങി. വീടുകളൊന്നും ബാക്കിയായിരുന്നില്ല. രക്ഷപ്പെട്ടവർ തണുപ്പത്ത് കിടന്നു. വിശപ്പും ദാഹവും അവരെ പിടികൂടി. വിശപ്പും ദാഹവും അകറ്റുന്നതിനുവേണ്ടി അരി കൊടുത്തതുകൊണ്ട് ഒരു പ്രയോജനവുമില്ലായിരുന്നു. നല്ല മഴയായതുകൊണ്ട് വിറക് കത്തുമായിരുന്നില്ല. നമ്മുടെ യുവാക്കൾ ഇസ്ലാമാബാദിൽനിന്ന് നിരവധി ചെമ്പ് ചോറ് വെച്ച് എവിടെയൊക്കെ അവർക്ക് എത്താമോ അവിടെയൊക്കെ അവർ കൊണ്ടുപോയി വിതരണം ചെയ്തു. മുഴുവൻ സ്ഥലത്തും ഇതെത്തിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല. പക്ഷേ, അവർക്കെത്താവുന്ന ഒന്ന് രണ്ട് ഗ്രാമങ്ങളിൽ അവരെത്തുകയും നിത്യവും 1500, 2000 ആളുകൾക്ക് ഭക്ഷണം വിതരണം ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനു പുറമെ രണ്ടുമൂന്ന് ലോറി സാധനങ്ങൾ, കമ്പിൾ വസ്ത്രം തുടങ്ങിയവ ജമാഅത്തുകളിൽ നിന്ന് നിത്യവും എത്തിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് എവിടെയൊക്കെ ജമാഅത്തുണ്ടോ അവിടങ്ങളിൽ നിന്നൊക്കെ റിലീഫ് ഫണ്ടിലേക്ക് സഹായം നല്കിവരുന്നു. അഹ്മദികൾ സാധനങ്ങൾ ശേഖരിച്ച് അതും അയച്ചുകൊടുക്കുന്നു.

മൂന്നുലോറി അരിയും (750 ചാക്ക്) നാലുലോറി കമ്പിൾ ചൂടുവസ്ത്രങ്ങൾ തുടങ്ങിയവയും സിയാൽക്കോട്ട്, ശേഖ്പുര തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ദുരന്തബാധിത പ്രദേശത്തേക്ക് കൊണ്ടുപോയിട്ടുണ്ട്. ഇതിനുമുമ്പേ ലാഹോർ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് സാധനങ്ങൾ അയച്ചിട്ടുണ്ട്. ഒരുലോറി ചൂട് വസ്ത്രങ്ങൾ റബ്വയിൽ നിന്ന് അയച്ചുകഴിഞ്ഞു. അവിടെ സ്ത്രീകളും യുവാക്കളും വയോധികരും തുടങ്ങി എല്ലാവരും ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഈ സഹായപ്രവർത്തനം നല്ലവണ്ണം നോക്കിനടത്തിവരുന്നു. സന്തോഷത്തോടെ പ്രവർത്തിക്കുന്നു. രണ്ടുദിവസം മുമ്പേ ഗവർമ്മെന്റ് ഉദ്യോഗസ്ഥരും രാഷ്ട്രീയനേതാക്കളും തമ്മിലുള്ള സംസാരം ടി.വിയിൽ കാണാനിടയായി. അതായത്, അടുത്ത കുറച്ചുദിവസത്തിനുള്ളിൽ ഈ പ്രദേശങ്ങളിൽ അതിശൈത്യം ഉണ്ടാകാൻ പോകുകയാണ്. കശ്മീർ പ്രദേശങ്ങളിൽ പൊതുവെ തണുപ്പാണ്. അതുകൊണ്ട് എത്രയുംവേഗം അവിടെ പുനരധിവാസത്തിനുള്ള ഏർപ്പാട് ഉണ്ടാവണം. അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. ഇതിനും പുറമേ നിരവധി മരണങ്ങൾ ഉണ്ടായിട്ടുണ്ട്. മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള ഏർപ്പാടുകളൊന്നുമായിട്ടില്ല. അതുകൊണ്ട് പകർച്ചവ്യാധി പടരുമോ എന്ന ശങ്കയുമുണ്ട്. അതിനാൽ കൂടാരങ്ങളും ചൂടുവസ്ത്രങ്ങളും മരുന്നുകളും ഡാക്ടറന്മാരും അവിടെ എത്രയും വേഗം എത്തേണ്ടതാണ്. ജമാഅത്ത് ആഗ്രഹിക്കുന്നത് സർക്കാർ നല്കുന്ന സ്ഥലത്ത് ഒരു കോളനി ഉണ്ടാക്കി അവിടെ ജനങ്ങളെ പാർപ്പിക്കുകയും കുറഞ്ഞത് രണ്ടുമാസത്തേക്ക് അവരുടെ എല്ലാ കാര്യങ്ങളും ജമാഅത്ത് നോക്കുകയും ചെയ്യുക എന്നതാണ്. അതിനുവേണ്ടിയുള്ള ശ്രമം നടന്നുവരുന്നു. മറ്റു സാധനങ്ങൾക്കുള്ള പരിഹാരവും ചെയ്യുന്നതാണ്. പക്ഷേ, അവിടെ കൂടാരങ്ങൾ കിട്ടാനില്ല. സൈനികരും മറ്റുള്ളവരും ആദ്യമേതന്നെ അതെടുത്തുകഴിഞ്ഞിരിക്കുന്നു. അഞ്ഞൂറോളം കൂടാരങ്ങൾ ഇവിടെന്ന് ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ കൊണ്ടുപോയിട്ടുണ്ട്. പാക്കിസ്ഥാനിലെ ജമാഅത്തുകൾ ചൈനയിൽനിന്ന് ആയിരം ആയിരത്തഞ്ഞൂറ് കൂടാരങ്ങൾ വാങ്ങാനുള്ള ഏർപ്പാട് ചെയ്തുവരുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കുമാറാകട്ടെ. തുറന്ന ഹൃദയത്തോടെ കാരുണ്യപ്രവർത്തന

ത്തിൽ ഏർപ്പെടാൻ അവർക്ക് ഭാഗ്യം നല്കട്ടെ.

ഹ്യൂമാനിറ്റിഫസ്റ്റിന്റെ മേൽനോട്ടത്തിൽ ജർമ്മനിയിൽനിന്ന് രണ്ട് ഡോക്ടറന്മാർ പോയിട്ടുണ്ട്. ഒരാൾ യു.കെയിൽനിന്നും പോയിട്ടുണ്ട്. ഇദ്ദേഹം അവിടെ എത്തി പ്രവർത്തനം ആരംഭിച്ചതായി അറിയാൻ കഴിഞ്ഞു. ഇവിടെനിന്നുപോയ സംഘത്തിൽ അഞ്ച് ഡോക്ടർമാരും പാരാമെഡിക്സിന്റെ രണ്ടാളുകളുമുണ്ട്. അവർ ഇരുപതിനായിരം പൗണ്ടിന്റെ മരുന്നുകളും കൊണ്ടുപോയിട്ടുണ്ട്. അമേരിക്കയിലും ഡോക്ടർമാരുടെ ഒരുസംഘം തയ്യാറായിനില്ക്കുന്നു. റൊട്ടേഷൻ അനുസരിച്ചാണ് പോകുന്നത്. ഇവർക്ക് അറിവ് കിട്ടിയാലുടൻ അവിടെ നിന്നും പുറപ്പെടുന്നതാണ്. ഇൻശാഅല്ലാഹ്. ഹ്യൂമാനിറ്റിഫസ്റ്റിന്റെ മേൽനോട്ടത്തിൽ ഇവിടെനിന്ന് ഇന്നോ നാളെയോ കണ്ടെയ്നറും പുറപ്പെടുന്നതാണ്. ഇതിൽ ടെന്റുകളും മറ്റു സാധനങ്ങളും ഉണ്ട്. പണവും മറ്റു സാധനങ്ങളും ഹ്യൂമാനിറ്റിഫസ്റ്റ് പ്രവർത്തകർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഈ ജോലി വളരെ വിശാലമാണ്. കാരണം ഭൂകമ്പം വലിയതോതിലാണ് നാശം വിതച്ചിട്ടുള്ളത്. ചെറിയ ചെറിയ സംഘങ്ങളെന്നല്ല സർക്കാരിനുതന്നെയും ഇത് പരിഹരിക്കാൻ സാധ്യമല്ല. ഇത്തരം വിപത്തുകൾ ഉണ്ടാകുമ്പോൾ വൻഭരണകൂടങ്ങൾക്കുപോലും പുനരധിവാസ പ്രവർത്തനം വേണ്ടുംവിധം നടത്താൻ പറ്റുകയില്ല.

കഴിഞ്ഞദിവസങ്ങളിൽ അമേരിക്കയിൽ ശക്തമായ രണ്ട് കൊടുങ്കാറ്റടിച്ചു. ആ പട്ടണങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വർഷങ്ങളെടുക്കുമെന്നാണ് അവർ കരുതുന്നത്. പാക്കിസ്ഥാന്റെ പക്കൽ വളരെ കുറച്ചു മാർഗ്ഗങ്ങളേയുള്ളൂ. നാശമാണെങ്കിൽ ഒരുപാട് സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. മുഴുവൻ ജനതയും ഒരേവികാരത്തോടെ പ്രവർത്തിക്കുകയും സത്യസന്ധതയോടെ ഓരോ പൈസയും പുനരധിവാസ പ്രവർത്തനത്തിന് ചെലവഴിക്കുകയും ചെയ്താലും അതിന് വർഷങ്ങളെടുക്കും. പാക്കിസ്ഥാന്റെ ടിവി ചാനലിൽ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ എം.എൻ.എസ് തുടങ്ങിയവയുടെ ഡവലപ്പ്മെന്റ് ഫണ്ട് പുനരധിവാസത്തിനായി ചെലവഴിക്കാമെന്ന് ഒരാൾ അഭിപ്രായം പറഞ്ഞിരുന്നു. അതൊരു വലിയ സഹായമാണ്. ഒരു സാഹിബ് പറഞ്ഞത് പെരുന്നാളാണ് വരുന്നത്. അതുകൊണ്ട് ഫിത്വ്ർ സക്കാത്ത് മുഴുവനും ഇതിനുവേണ്ടി വിനിയോഗിച്ചാൽ വലിയ പ്രവർത്തനം അതുകൊണ്ട് നടത്താമെന്നാണ്. ഇത് കുറച്ചൊക്കെ സഹായം ചെയ്യുമെന്നത് ശരിതന്നെ.

എന്നാൽ, പുനരധിവാസത്തിന് വൻചെലവ് വേണ്ടിവരും, കാരണം നാശം ചെറുതല്ല. ഉദാഹരണത്തിന് ഫിത്വ്ർ സക്കാത്ത് തന്നെ എടുക്കാം. ഇവരുടെ ചർച്ച കേട്ടതിനുശേഷം ഞാൻ കണക്കുകൂട്ടി നോക്കി. പാക്കിസ്ഥാനിലെ മൊത്തം ജനസംഖ്യ ഏകദേശം പതിനഞ്ചുകോടിയാണ്. ഒരാൾക്ക് മുപ്പതുരൂപയാണ് ഫിത്വ്ർ സക്കാത്ത് നിശ്ചയിച്ചിട്ടുള്ളത്. അവിടെത്തെ മിക്കയാളുകളും ഫിത്വ്ർ സക്കാത്ത് കൊടുക്കാറില്ലെന്നതാണ് വാസ്തവം. ഒരുപാട് ദരിദ്രരുമുണ്ട്. അവർക്ക് കൊടുക്കാൻ കഴിയുകയുമില്ല. പൂർണ്ണമായും ഇത് ശേഖരിക്കാനുള്ള വ്യവസ്ഥിതിയുമില്ല. ഇനിയെല്ലാവരും ഫിത്വ്ർ സക്കാത്ത് കൊടുക്കുമെന്ന് സമ്മതിച്ചാൽതന്നെ നാന്നൂറ്റിയൻപത് കോടിരൂപയേ ലഭിക്കുകയുള്ളൂ. ഞങ്ങളുടെ കണക്കനുസരിച്ച് രണ്ടുമാസത്തെ റേഷനും ടെന്റും വസ്ത്രവും ഒരു കുടുംബത്തിന് കൊടുത്താൽതന്നെ പതിനാറായിരം രൂപ ചെലവ് വരുന്നുണ്ട്. നാല്പത് ലക്ഷം പേർ ദുരന്തബാധിതരായിട്ടുണ്ടെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ പറയുന്നത് അത് അമ്പത്ലക്ഷമാണെന്ന്. ആർക്കും വ്യക്തമായ കണക്കില്ല. ഈ കണക്കുതന്നെ നാം എടുക്കുകയാണെങ്കിൽ കുറഞ്ഞത് എട്ടുലക്ഷം കുടുംബത്തെ ദുരന്തം ബാധിച്ചിട്ടുണ്ട്. ഇതുവെച്ച് നോക്കുമ്പോൾ ദുരന്തബാധിതർക്ക് രണ്ടുമാസം ആഹാരവും വെള്ളവും ടെന്റും മാത്രം കൊടുക്കുകയാണെങ്കിൽ ഏകദേശം പതിമൂന്ന് ശതകോടി രൂപ വേണ്ടിവരും. സ്വന്തം ഡവലപ്പ്മെന്റ് ഫണ്ട് ചെലവഴിച്ചാലും മറ്റെല്ലാ ഫണ്ടും കൂടി ചെലവഴിച്ചാലും ഒന്നും തികയുകയില്ല.

ഞങ്ങൾ കണക്കുകൂട്ടുന്നത് ഓരോ പൈസയും സത്യസന്ധതയോടെ ഇക്കാര്യത്തിൽ ചെലവഴിയുമെന്ന ധാരണയിലാണ്. പതിമൂന്ന് ശതകോടി രൂപ എന്നുപറയുന്നത് നൂറ്റിമുപ്പത്കോടി മില്യൺ പൗണ്ടാണ്. ഭക്ഷണം മാത്രം കൊടുത്താൽവരുന്ന ചെലവാണിത്. വ്യക്തിപരമായ ഒരു നേട്ടവും ഇതിന്റെ പിന്നിലുണ്ടാവുകയില്ല. എന്നാൽ, സർക്കാരിന്റെ പ്രവർത്തനങ്ങളിൽ അതിരില്ലാതെ ചെലവുകളുണ്ടാകും. നമ്മുടെ ജമാഅത്തിന്റെ ഒരുപാട് പ്രവർത്തനങ്ങൾ വാളന്റിയർമാർമുഖേനയും സൃഷ്ടിസേവനത്തിലൂടെയും അതിന്റെ വികാരത്തോടുകൂടിയുമാണ് നടക്കുന്നത്. മറ്റുള്ളവരിൽ ഈ വികാരം ഇല്ലാത്തതിനു തുല്യമാണ്. ഇപ്പോഴുണ്ടായിട്ടുള്ള ആവേശം എത്രനാൾ നിലനില്ക്കുമെന്ന് നമുക്ക് കണ്ടറിയാം.

ഞാൻ പറയുകയുണ്ടായി. ഇത് വെറും രണ്ടുമാസത്തിനുള്ള ചെലവാണ്. റോഡുകൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവയെല്ലാം നശിച്ചുപോയിട്ടുണ്ട്. അതൊക്കെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാൻ പൂർണ്ണമായൊരു പ്ലാൻ ഉണ്ടാക്കേണ്ടതായി വരും. വീടുകൾ, വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം തകർന്നിരിക്കുകയാണ്. ആ സ്ഥലത്ത് ഭയാനകമായ അവസ്ഥയാണുള്ളത്. ഇതെല്ലാം പൂർവ്വസ്ഥിതിയിൽ കൊണ്ടുവരാൻ മില്യൺകണക്കിന് രൂപ വേണ്ടിവരും. ഇവർ പറയുന്ന ശതകോടികളുടെ കണക്ക് അവിടെ അപര്യാപ്തമാണ്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ഇനി എല്ലാ വിപത്തുകളിൽനിന്നും അല്ലാഹു രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. ഇവരെല്ലാവരും അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുന്നവരായിത്തീരട്ടെ. സർക്കാർ സ്ഥാപനങ്ങളും അവരുടെ ഉത്തരവാദിത്തം മനസ്സിലാക്കുന്നവരായിത്തീരട്ടെ. പൊതുജനങ്ങളെ സേവിക്കുക, പുനരധിവാസം

നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇപ്പോൾ പ്രകടിപ്പിക്കുന്നതുപോലെ നല്ല മാതൃക കാഴ്ചവെക്കുക. രാഷ്ട്രീയനേതാക്കളും, ഒരു രാഷ്ട്രീയനേതാവ് പറഞ്ഞതുപോലെ ഈ അവസ്ഥയിൽ രാഷ്ട്രീയപരമായ നേട്ടമുണ്ടാക്കരുത്. മറിച്ച്, എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതാണ്. ഇപ്പോൾ ഈ പരിപാടികളിൽ ഇത് കണ്ടുവരുന്നുണ്ട്. ഈ ഒത്തുചേരൽ എന്നെന്നും നിലനില്ക്കുമാറാകട്ടെ. ഈ രീതിതന്നെ നിങ്ങൾ സ്ഥിരമായി നിലനിർത്തുക. ഒരൊറ്റ ജനതയായിക്കൊണ്ട് ദുരന്തബാധിതരെ സഹായിക്കുക. രാഷ്ട്രീയമായ വിരോധങ്ങളും മതപരമായ വെറുപ്പുകളും അവസാനിപ്പിക്കുക. ആലിംകൾ പരസ്പരം നടത്തുന്ന കുഫ്ർ ഫത്വകൾ നിർത്തിവെക്കുക. അതിൽനിന്ന് പിന്മാറുക. അല്ലാഹു ദയ കാണിക്കുന്നതിനും ജനതയെ എല്ലാവിധ വിപത്തുകളിൽനിന്നും രക്ഷിക്കുന്നതിനുംവേണ്ടി അധികമധികമായി പൊറുക്കലിനെ തേടുക. ദൈവികമായ വിപത്തുകൾ ഇറങ്ങുമ്പോൾ നബി(സ) തിരുമേനി എന്ത് മാതൃകയായിരുന്നു കാണിച്ചിരുന്നത്? അതിൽനിന്ന് രക്ഷപ്പെടാൻ പ്രാർത്ഥനയുടെ ഏത് മാതൃകയായിരുന്നു അവിടന്ന് അവലംബിച്ചിരുന്നത്. അതിലേക്ക് നാമും ശ്രദ്ധിക്കേണ്ടതാണ്. പാക്കിസ്ഥാനിലെ പത്രങ്ങളിലൂടെ ചില മുസ്‌ലിം പണ്ഡിതന്മാർ പറയുന്നത് ഇത് അല്ലാഹുവിൽനിന്നുള്ള വാണിംഗ് ആണെന്നാണ്. അതുകൊണ്ട് അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിക്കുക. എന്തിനാണ് ഈ വാണിംഗ് ഇപ്പോൾ വന്നതെന്നും മനസ്സിലാക്കുക. അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് എപ്പോഴും അവനോടുതന്നെ അഭയം തേടുക. നബി(സ) തിരുമേനി ചെയ്ത ഒരു ദുആ ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു.

اللّٰهُمَّ إِنِّيْ أَعُوْذُ بِرِضَاكَ مِنْ سَخَطِكَ، وَبِمُعَافَاتِكَ
مِنْ عُقُوْبَتِكَ، وَأَعُوْذُ بِكَ مِنْكَ، لَا أُحْصِيْ ثَنَاءً
عَلَيْكَ، أَنْتَ كَمَا أَثْنَيْتَ عَلٰى نَفْسِكَ. (مسلم)

"അല്ലാഹുവേ, ഞാൻ നിന്റെ വെറുപ്പിൽനിന്ന് നിന്റെ തൃപ്തിയുടെ വഴിയിലേക്ക് വരുന്നു. നിന്റെ ശിക്ഷയിൽ നിന്ന് നിന്റെ മാപ്പിന്റെ അഭയത്തിലേക്ക് വരുന്നു. ഞാൻ നിന്നോട് നിന്റെ അഭയം തേടുന്നു. നിന്നെക്കുറിച്ചുള്ള നിർവചനങ്ങൾ എണ്ണിക്കണക്കാക്കാൻ എനിക്ക് കഴിയില്ല. നീ സ്വയം നിന്നെക്കുറിച്ച് നിർവചിച്ചതുപോലെതന്നെയാണ് നീ എന്ന കാര്യത്തിൽ ഒരു സംശയവുമില്ല."

അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തിയുടെയും മാപ്പിന്റേയും അഭയത്തിൽ വരുന്നതിനായി സ്വയം നിങ്ങളെ പരിവർത്തനവിധേയരാക്കേണ്ടിവരും. രാഷ്ട്രീയനേതാക്കന്മാരും ആലിംകളും പൊതുജനളും പരസ്പരമുള്ള വെറുപ്പുകളും വിദ്വേഷങ്ങളും ശത്രുതകളും അങ്ങോട്ടുമിങ്ങോട്ടും നല്കുന്ന കുഫ്ർ ഫത്വകളും അവസാനിപ്പിക്കേണ്ടതാണ്. അഹ്മദികളായ നാം സഹതാപവികാരത്തോടെ പ്രാർത്ഥിക്കുന്നു. ഈ ആപത്തുകൊണ്ട് ജനങ്ങൾക്കു മുഴുവനും ഐക്യത്തോടെ പ്രവർത്തിക്കാൻ അവസരമുണ്ടായി. ഈ ഐക്യം എന്നെന്നും നിലനില്ക്കട്ടെ. അല്ലാഹുവിനോടുള്ള ഭയം ഇവരുടെ മനസ്സിൽ ഉണ്ടാകുമാറാകട്ടെ.

നബി(സ) തിരുമേനി കാർമേഘം കാണുമ്പോൾ വല്ലാത്ത അസ്വസ്ഥതയിലാകുമായിരുന്നു. ഇതിനെ സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: "ചുഴലിക്കാറ്റിന്റേയും കാർമേഘത്തിന്റേയും ലക്ഷണം നബികരിം(സ) കണ്ടാൽ അവിടത്തെ മുഖകമലത്തിന്റെ അവസ്ഥ മാറുമായിരുന്നു. ഞാനൊരിക്കൽ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! ആളുകൾ കാർമേഘം കാണുമ്പോൾ മഴയുണ്ടാകുമല്ലോ എന്നോർത്ത് സന്തോഷിക്കുന്നു. എന്നാൽ അങ്ങ് കാർമേഘം കാണുമ്പോൾ പരിഭ്രമിക്കുന്നതായി ഞാൻ കാണുന്നു. അവിടന്ന് പറഞ്ഞു: "ആയിശാ! ഒരു ജനത നശിക്കാൻ കാരണമായതുപോലുള്ള എന്തെങ്കിലും കാര്യം ഈ ചുഴലിക്കാറ്റിൽ മറഞ്ഞിരിപ്പുണ്ടോ എന്ന് ആർക്കാണ് അറിയുക? ഇത് കാർമേഘമാണെന്നും പെയ്തുമാറുമെന്നും ശിക്ഷ കണ്ട ഒരു ജനത പറഞ്ഞിരുന്നു. എന്നാൽ അതേ കാർമേഘം വേദനാജനകമായ ശിക്ഷയായി അവരുടെ മേൽ പതിച്ചു. ഏത് അവാന്തരവിഭാഗവുമായി ബന്ധം വയ്ക്കുന്ന മുസ്‌ലിംകളായാലും അവരോടെല്ലാം നാം പറയുന്നത് നബിതിരുമേനിയുടെ ഈ മാതൃക എപ്പോഴും മുന്നിൽ വയ്ക്കണമെന്നും എപ്പോഴും അല്ലാഹുവിനോട് പൊറുക്കലിനെ തേടണമെന്നും അവന്റെ അഭയത്തിലേക്ക് വരാൻ ശ്രമിക്കണമെന്നുമാണ്.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി ഒരു ദുആയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: ഹസ്റത്ത് അബ്ദുല്ലാബിൻ ഉമർ പറയുന്നു: ഇടിയോ മറ്റോ കേട്ടാൽ നബി(സ) തിരുമേനി ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹുവേ, ഞങ്ങളെ നിന്റെ കോപത്താൽ വധിക്കരുതേ, നിന്റെ ശിക്ഷയെക്കൊണ്ട് ഞങ്ങളെ നശിപ്പിക്കുകയും ചെയ്യരുതേ, അതിനുമുമ്പേ ഞങ്ങളെ രക്ഷിക്കേണമേ.

ഹസ്റത്ത് ആയിശ(റ) പറയുന്നു: ചുഴലിക്കാറ്റടിക്കുമ്പോൾ നബി(സ) തിരുമേനി ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹുവേ, ഞാൻ ഈ ചുഴലിക്കാറ്റിന്റെ ആന്തരികവും ബാഹ്യവുമായ നന്മയെ ആഗ്രഹിക്കുന്നു. ഇത് ഏതൊരു നന്മയും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത് അതും ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതിന്റെ ആന്തരികവും ബാഹ്യവുമായ ഉപദ്രവങ്ങളിൽ നിന്നും അഭയം തേടുന്നു. ഏതൊരു ഉപദ്രവം കൊണ്ടാണോ ഇത് അയക്കപ്പെട്ടിരിക്കുന്നത് അതിൽ നിന്നും അഭയം തേടുന്നു.

അല്ലാഹുവേ, നിന്റെ നിഅ്മത്ത് മങ്ങിപ്പോകുന്ന

തിൽനിന്നും നിന്റെ സൗഖ്യം നീങ്ങിപ്പോകുന്നതിൽ നിന്നും അപ്രതീക്ഷിതമായി വരുന്ന നിന്റെ ശിക്ഷയിൽനിന്നും നിന്റെ വെറുപ്പിന് കാരണമാകുന്ന എല്ലാ കാര്യങ്ങളിൽ നിന്നും ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു.

നബി(സ)യിൽ നിന്ന് മറ്റൊരു പ്രാർത്ഥന ഇങ്ങനെ നിവേദനം ചെയ്യപ്പെടുന്നു.

أعوذ بوجه الله العظيم الذي ليس شيء أعظم منه
وبكلمات الله التامات التي لا يجاوزهن بر ولا
فاجر، وبأسماء الله الحسنى ما علمت منها وما
لم أعلم، من شر ما خلق، وذرأ، وبرأ۔
(موطا امام مالک)

ഞാൻ മഹത്വമുടയവനായ അല്ലാഹുവിനെ അഭയം പ്രാപിക്കുന്നു. അവന്നതീതമായി ഒരു വസ്തുവുമില്ല. ഞാൻ പരിപൂർണ്ണവും തികവുറ്റതുമായ അല്ലാഹുവിന്റെ വചനങ്ങളിലും അഭയത്തിലും വരുന്നു. നന്മ ചെയ്യുന്നവനും തിന്മ ചെയ്യുന്നവനും ഒരിക്കലും അതിനെ കവച്ചുവയ്ക്കാൻ സാധ്യമല്ല. എനിക്ക് അറിയുന്നതും അറിവില്ലാത്തതുമായ അല്ലാഹുവിന്റെ എല്ലാ സവിശേഷഗുണങ്ങളിലും ഞാൻ അഭയം തേടുന്നു. അവൻ സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്ത എല്ലാ സൃഷ്ടികളുടെ ഉപദ്രവങ്ങളിൽനിന്നും അഭയം തേടുന്നു.

നബി(സ) തിരുമേനി സ്ഥാപിച്ചിട്ടുപോയ സുന്നത്താണിത്. ഈ പ്രാർത്ഥനകൾ ഓരോ അഹ്മദിയും ഏറ്റവും കൂടുതൽ ചെയ്യേണ്ട കാലമാണിത്. ഒരുപാട് ഇസ്തിഗ്ഫാറും ചെയ്യുക. നൂറുവർഷം മുമ്പേ 1905-ൽ കാങ്കടയിൽ ഭൂകമ്പമുണ്ടായപ്പോൾ ഖാദിയാനിലും അതിന്റെ കുലുക്കം അനുഭവപ്പെട്ടിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് നിവേദനങ്ങളിൽ വന്നിരിക്കുന്നു. അവിടന്ന് വീട്ടുകാരോടും മറ്റു സഹോദരങ്ങളോടുമൊപ്പം ഒരുപാടുനേരം നഫ്ൽ നിസ്കാരത്തിലും റുകൂയിലും സുജൂദിലും കഴിച്ചുകൂട്ടി. നിവേദനങ്ങളിൽ വന്നിരിക്കുന്നു, അവിടന്ന് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിൽ അങ്ങേയറ്റം പരിഭ്രമിച്ചിരുന്നു. വളരെ ഭയന്നിരുന്നു. ഇടയ്ക്കിടെ കുലുക്കം അനുഭവപ്പെട്ടിരുന്നതുകൊണ്ട് മൂന്നുനില കെട്ടിടത്തിൽ താമസിക്കുന്നത് ഉചിതമല്ലെന്ന് മനസ്സിലാക്കി എല്ലാവരേയും കൂട്ടി അവിടന്ന് ഖാദിയാനിലെ തോട്ടത്തിൽപോയി തമ്പടിച്ച് താമസിക്കാൻ തുടങ്ങി.

ഇക്കാര്യം ഓരോ അഹ്മദിയും അറിഞ്ഞിരിക്കേണ്ടതാണ്. ആപത്തുകൾ വരുമ്പോൾ സ്വയം സംരക്ഷണത്തിനുവേണ്ടിയും ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്. മസീഹ് മൗഊദ്(അ) ജനങ്ങളുടെ സുരക്ഷിതത്തിനുവേണ്ടിതന്നെയായിരിക്കും ദുആ ചെയ്തിട്ടുണ്ടാവുക.

ഓരോ അഹ്മദിയും ഈ വിപത്തിൽനിന്ന് അല്ലാഹുവിനോട് അഭയം തേടേണ്ടതാണ്. അതിന്റെ ഉപദ്രവങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. നബി(സ) തിരുമേനി ചെയ്ത ദുആകളും പ്രത്യേകമായി ചെയ്തുകൊണ്ടിരിക്കണം. സ്വന്തം ഭാഷയിലും ദുആ ചെയ്യേണ്ടതാണ്. ഇസ്തിഗ്ഫാറും ധാരാളമായി ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. സ്വന്തം ജനതയ്ക്കുവേണ്ടിയും ദുആ ചെയ്യണം. അല്ലാഹു അവർക്ക് ഹിദായത്ത് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത്തരം ഘട്ടങ്ങളിൽ എങ്ങനെ ദുആ ചെയ്യണമെന്നാണ് പഠിപ്പിച്ചിട്ടുള്ളത് എന്ന കാര്യവും എപ്പോഴും ഓർമ്മയിലുണ്ടാകണം. അവിടന്ന് പറയുന്നു. "ജമാഅത്തിലെ എല്ലാവരും തങ്ങളുടെ അവസ്ഥകൾ സ്വയം നന്നാക്കിത്തീർക്കുക. തൗബയും ഇസ്തിഗ്ഫാറും ചെയ്യുക. എല്ലാ സന്ദേഹങ്ങളും സംശയങ്ങളും അകറ്റിക്കൊണ്ട് മനസ്സ് പരിശുദ്ധവും പവിത്രവുമാക്കി പ്രാർത്ഥനയിൽ മുഴുകുക. മരിക്കുന്നു എന്ന് തോന്നുംവിധം പ്രാർത്ഥിക്കുക; അല്ലാഹു തന്റെ കോപത്തിന്റെ നാശത്തിന്റെ മാർഗ്ഗങ്ങളിൽനിന്ന് അവരെ രക്ഷിക്കുന്നതിനുവേണ്ടി. ബനൂഇസ്രായിൽ പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ തങ്ങളെ സ്വയം വധിക്കാൻ ദൈവകല്പനയുണ്ടായി. ഇപ്പോൾ ഈ കാരുണ്യം ചെയ്യപ്പെട്ട ഉമ്മത്തിൽനിന്ന് ഈ കല്പന ഉയർന്നുപോയിരിക്കുകയാണ്. എന്നാൽ, അതിനുപകരമായി സ്വയം തങ്ങളെ വധിച്ചുകഴിഞ്ഞിരിക്കുന്നതുപോലെ ദുആ ചെയ്യുക.

അല്ലാഹു നമ്മെ എപ്പോഴും പ്രാർത്ഥനയുടെ ഈ നില കരസ്ഥമാക്കാൻ സഹായിക്കുമാറാകട്ടെ. ഇപ്പോൾ റമളാൻ എന്ന അനുഗ്രഹീതമാസവും സമാഗതമായിരിക്കയാണ്. ദുആ സ്വീകാര്യത്തിന്റെ പ്രത്യേക അവസരങ്ങൾ ഇതിലുണ്ട്. അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ ലോകജനതയുടെ ഹിദായത്തിനും നാശങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി ഓരോ അഹ്മദിയും പ്രാർത്ഥനയിൽ മുഴുകുക. സ്വയം ഉപദ്രവങ്ങളിൽനിന്ന് സുരക്ഷിതമായിരിക്കുന്നതിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം ഈ ദുആകൾ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.10.2005 at Baithul Futuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala